(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രോജക്ട് തീർന്നതിനനുസരിച്ച് 163 പേരെ പിരിച്ചുവിടുകയും 85 പേരെ പുതുതായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ഇ.സി-യിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. പി.എസ്.സി.-യുടെ അനുമതിയോടെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(എഫ്) കെ.എസ്.ആർ.ഇ.സി.-യിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടില്ല.

(ജി) 31-12-2010-ൽ കെ.എസ്.ആർ.ഇ.സി.-യിൽ 56 ജീവനക്കാർ.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം ലഭിക്കാൻ കാലതാമസം

28 (2501) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ ധനസഹായം പ്രഖ്യാപിച്ചിട്ടും അപേക്ഷകർക്ക് ലഭിക്കാൻ ഉള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) 2006-2011 വരെ കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര തുക അനുവദിച്ചു ; എത്ര തുക അപേക്ഷകർക്ക് നൽകിയെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) 2011 ജനുവരി 30 വരെയുള്ള അപേക്ഷകർക്ക് പ്രഖ്യാപിച്ച തുക ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2006-11 വർഷം 4,58,70,563 (നാല് കോടി അനത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

വർഷം	അനുവദിച്ച തുക
2006-07	27,68,707
2007-08	25,93,699
2008-09	1,76,38,383
2009-10	1,25,30,605
2010-11	1,03,39,169

(സി) അനുവദിക്കുന്ന തുക നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly